ഞാൻ കഴിഞ്ഞ ദിവസം സൂചിപ്പിച്ചതുപോലെ രാഷ്ട്രീയ പാർട്ടികളെ അക്രമം കൊണ്ടോ അല്ലെങ്കിൽ ഭീഷണി കൊണ്ടോ ഏതെങ്കിലും വിധത്തിൽ ഒതുക്കാനുള്ള ശ്രമം നടത്തുന്നത് ഒരു ശരിയായ ജനാധിപത്യ വ്യവസ്ഥ അല്ല. ഏതായാലും ശരി ഇങ്ങനെയുള്ള നടപടികളെ ഏതു ഭാഗത്തുനിന്ന് ഉണ്ടായാലും ചൊരുക്കും. അത് സി.പി.ഐ. യോ സി.പി.എം.ഓ, സി.എം.പി.യോ കോൺഗ്രസ്സോ ആരായാലും ശക്തമായ നടപടി സ്വീകരിക്കും. ആവശ്യമായ സംരക്ഷണങ്ങളെ ഭാവിയിൽ എർപ്പെടുത്തുകയും ചെയ്യാം.

(7) മടപ്പള്ളി ഗവൺമെന്റ് കോളേജിലെ ശുദ്ധജലക്ഷാമം

ശ്രീ. കെ. ചന്ദ്രശേഖരൻ : സർ, വടകരയിലെ മടപ്പള്ളി ഗവൺമെന്റ് കോളേജ് ഒരു കുന്നിന്റെ മുകളിലാണ്. ആ കോളേജിലേക്ക് വേണ്ട വെള്ളത്തിന്റെ ഫിൽറ്റർപ്പാട് പമ്പ് ടാങ്ക് മുഖാന്തിരമാണ്. പമ്പ് പ്രവർത്തനരഹിതമായതുകൊണ്ട് കോളേജിലേക്ക് കുറെ ദിവസങ്ങളായിട്ട് ഒരു തുള്ളിവെള്ളം പോലും വരുന്നില്ല. ലബോറട്ടറിയാകെ നിശ്ചലമായി തീർന്നിരിക്കുകയാണ്. അതുകൊണ്ട് കുട്ടികൾ അവിടെ പഠിപ്പുമുടക്കിൽ ഏർപ്പെട്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് അടിയന്തിരമായും നേരിട്ട് വേണ്ട നടപടികൾ എടുക്കേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്) : സർ, മടപ്പള്ളി ഗവൺമെന്റ് കോളേജിന് ഒരു പമ്പ് സ്ഥാപിക്കാത്തതുകൊണ്ടാണ് അവിടെ വാട്ടർസപ്ലൈ നടത്താൻ കഴിയാതെ വന്നത്. 8-9-1986-ൽ പമ്പ് സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതി കൊടുത്തിട്ടുണ്ട്. പ്രിൻസിപ്പലിൽനിന്നും കിട്ടിയ കത്തനുസരിച്ച് 21-10-1986-ൽ അതിനാവശ്യമായ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. അടുത്ത ദിവസങ്ങളിൽ തന്നെ അത് ഇൻസ്റ്റാൾ ചെയ്യും. അവിടെ ഉണ്ടായിരിക്കുന്ന ബുദ്ധിമുട്ട് ഉടനെതന്നെ പരിഹരിക്കുന്നതാണ്.

(8) തോട്ടംതൊഴിലാളികളുടെ ശമ്പള വർദ്ധനവ്

ശ്രീ. കെ. കെ. തോമസ് : സർ, ശമ്പള വർദ്ധനവിനുവേണ്ടി തോട്ടംതൊഴിലാളികൾ നാളെമുതൽ പണിമുടക്ക് ആരംഭിക്കുകയാണ്. കഴിഞ്ഞ ഏപ്രിൽ ഒന്നു മുതൽ കരാർ അനുസരിച്ചുള്ള കൂലി അവർക്ക് കിട്ടേണ്ടതാണ്. ഇതുസംബന്ധമായി നടന്ന എല്ലാ ചർച്ചകളും പരാജയപ്പെട്ടു. ആ സാഹചര്യത്തിലാണ് പണിമുടക്കിന് തയ്യാറായത്. ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇപ്പോഴും ചർച്ച നടന്നുവരുന്നു. ശമ്പളത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടാകണം. അതിന് നടപടി സ്വീകരിച്ച് പണിമുടക്ക് ഒഴിവാക്കണമെന്നു അഭ്യർത്ഥിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തന്നെ അതിന്റെ ചർച്ച നടക്കുകയാണ്. ഇന്നലെ രാത്രി വരെ ചർച്ച ഉണ്ടായിരുന്നു. ഇന്ന് പത്തര മണിക്ക് പിന്നെയും ചർച്ച തുടരുന്നതാണ്. എങ്ങനെയും ഒരു സെറ്റിൽമെന്റ് ഉണ്ടാകുമെന്നാണ് ഗവൺമെന്റിന്റെ പ്രതീക്ഷ.

(9) കോഴിക്കോട് സർവ്വകലാശാലയിലെ പ്രീഡിഗ്രി മലയാളം ഉപപാഠ പുസ്തകത്തിലെ തെറ്റായ പരാമർശം

ശ്രീ. ലോനപ്പൻ നമ്പാടൻ : സർ, കോഴിക്കോടു സർവ്വകലാശാല ഇക്കൊല്ലം പ്രീഡിഗ്രി മലയാളം പാഠപുസ്തകമായി തെരഞ്ഞെടുത്തിരിരിക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly